റോഡ് സുരക്ഷാ പഠനത്തിന് സമിതി

33 [1548] ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. കെ. നാരായണക്കുറുപ്പ്:
ശ്രീ. തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് സുരക്ഷ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ ഒരു സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സമിതിയിൽ ആരൊക്കെയാണ് അംഗങ്ങൾ എന്ന് വ്യക്തമാക്കാമോ ;

(സി) സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ തടയുന്നതിന് എന്തൊക്കെ പ്രായോഗിക നിർദ്ദേശങ്ങളാണ് റിപ്പോർട്ടിൽ ഉള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പൊതുമരാമത്ത്, പോലീസ്, ഗതാഗതം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് റോഡപകടങ്ങൾ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)&(ബി) ഗതാഗത കമ്മീഷണർ, അഡീഷണൽ ഡി. ജി. പി. പൊതുമരാമത്ത് റോഡ്സ്, നാഷണൽ ഹൈവേ ചീഫ് എഞ്ചിനീയർമാർ എന്നിവർ ഉൾപ്പെട്ട ഒരു സംസ്ഥാനതല മോണിട്ടറിംഗ് സെല്ലും, ജില്ലാ കളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട്, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ ഉൾപ്പെടുന്ന ജില്ലാതല മോണിട്ടറിംഗ് സെല്ലും രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി)&(ഡി) കേരളത്തിലൂടെയുള്ള ദേശീയ പാതകളിലെയും മറ്റ് പ്രധാന റോഡുകളിലേയും അപകട സാധ്യത കൂടിയ സ്ഥലങ്ങളുടെ ഒരു ലിസ്റ്റ് സംസ്ഥാനതല മോണിട്ടറിംഗ് സെൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം റോഡപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്.

(ഇ) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പൊതുമരാമത്ത്, പോലീസ്, ഗതാഗത വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനമാണ് നടന്നുവരുന്നത്.

റോഡ് സുരക്ഷയ്ക്കായി സ്വീകരിച്ച നടപടികൾ

34 [1549] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ റോഡപകടങ്ങളിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര പേർ മരിച്ചുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിൽ കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് എത്ര വാഹന അപകടങ്ങൾ റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) റോഡ് സുരക്ഷയ്ക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ)&(ബി) 2004-വർഷത്തിൽ കേരളത്തിൽ റോഡപകടങ്ങൾ മൂലം മരിച്ച വരുടെയും വാഹനാപകടങ്ങളുടെയും എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങളുടെ ഇടയിൽ റോഡ് സുരക്ഷയെപ്പറ്റി ബോധവൽക്കരണ പരിപാടികൾ നടത്തിയും അപകട സാദ്ധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി സ്പീഡ് ബ്രേക്കേഴ്സ് സ്ഥാപിച്ചും, അപകട സൂചന ബോർഡുകൾ സ്ഥാപിച്ചും, റോഡുകളിൽ പ്രത്യേക പരിശോധന നടത്തിയും, അമിത വേഗത, അശ്രദ്ധമായ ഡ്രൈവിംഗ് തുടങ്ങിയവ കണ്ടെത്തി കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിച്ചും റോഡ് സുരക്ഷ സംബന്ധിച്ച് വിവിധ വകുപ്പുകളുമായി സഹകരിച്ച് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഡ്രൈവർമാർക്കും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയും ലഘുലേഖകൾ വിതരണം ചെയ്തും വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പോലീസ് ആസ്ഥാനത്ത് സ്റ്റേറ്റ് പോലീസ് ഓപ്പറേഷണൽ റൂമിന്റെ ഭാഗമായി പ്രവർത്തിക്കുന്ന അലർട്ട് സംവിധാനം 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. എൻ. എച്ചിലും, എം. സി.യിലും, മറ്റു റോഡുകളിലും ഉണ്ടാകുന്ന ട്രാഫിക് അപകടത്തിലും ട്രാഫിക് പ്രശ്നങ്ങളിലും എത്രയും പെട്ടെന്ന് പോലീസിന്റെ സഹായം എത്തിക്കുകയാണ് ഇതിന്റെ പ്രധാന ഉദ്ദേശം.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ അരി കടത്തിയതിന് പോലീസ് കേസ്

35 [1550] ശ്രീ. ടി. എം. ജേക്കബ്ബ്:
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഏതെങ്കിലും ഡിപ്പോയിൽനിന്ന് അനധികൃതമായി അരി കടത്തിയതിന്റെ പേരിൽ പോലീസ് കേസ് എടുത്തിട്ടുണ്ടോ;

(ബി) ഇതു സംബന്ധമായി 2004 സെപ്റ്റംബർ 23-ാം തീയതി ഒരു പ്രമുഖ ദിന പത്രത്തിൽ വന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പോലീസ് കേസ് എടുത്തിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly